ഉത്തരം

(എ) കോമേഴ്സ് വിഷയത്തിൽ ബി. എഡ്. ബിരുദ കോഴ്സ് ഫണ്ട്. സോഷ്യോളജിയിൽ ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) അപേക്ഷകൾ ലഭിക്കുന്നപക്ഷം ചട്ടങ്ങൾക്കനുസൃതമായ നടപടികൾ സർവ്വകലാശാല സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ

388 [2449] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഈ അദ്ധ്യയന വർഷം പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പൊതുപരീക്ഷകൾ പാർട്ട് ടൈം വിദ്യാർത്ഥികൾക്കും റഗുലർ വിദ്യാർത്ഥികൾക്കും ഒന്നിച്ചാണോ നടത്തിവരുന്നത്;

(സി) പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ക്ലാസ്സുകൾ സത്വരമായി ആരംഭിക്കാൻ നടപടി നിർദ്ദേശിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ഈ വർഷം ജൂൺ 14-ാം തീയതി പാർട്ട് ടൈം ബി. ടെക്. ക്ലാസ്സുകൾ ആരംഭിച്ചു.

(ബി) അതെ, ഒന്നിച്ചാണ് നടത്തിവരുന്നത്.

(സി) ക്ലാസ്സുകൾ ജൂൺ 14-ന് ആരംഭിച്ചുവെങ്കിലും പ്രതിഫലം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അദ്ധ്യാപകർ സമരത്തിലാണ്.

(ഡി) പാർട്ട് ടൈം. കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കും നൽകുന്ന അലവൻസ് വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബി. ടെക്. കോഴ്സുകൾക്കും അക്രെഡിറ്റേഷൻ

389 [2450] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബി. ടെക്. കോഴ്സുകൾക്കും അക്രെഡിറ്റേഷൻ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly